# സംസ്ഥാനത്ത് രണ്ടരയേക്കറിൽ മിയാവാക്കി നഗരവനം തയ്യാറായി

## ആറുമാസംകൊണ്ട് നാലേക്കറിൽക്കൂടി നിർമിക്കും

**ജി.ജ്യോതിലാൽ**
കൊല്ലം

▶ ഒരുവർഷംകൊണ്ട് കേരളത്തിൽ പൂർത്തിയായത് രണ്ടരയേക്കർ നഗരവനം. അടുത്ത ആറുമാസത്തിനകം നാലേക്കറിൽക്കൂടി പൂർത്തിയാകും.

ഇരപതുവർഷംകൊണ്ട് 100 വർഷത്തെ വളർച്ചയുള്ള വനങ്ങൾ സൃഷ്ടിക്കുന്ന മിയാവാക്കി മാതൃകയിലുള്ള വനമാണ് സംസ്ഥാനത്തും വേരുറപ്പിക്കുന്നത്. ഈ പ്രവർത്തനത്തിന് ചുക്കാൻപിടിക്കുന്ന ഹരി ജപ്പാനിൽ പോയി പ്രൊഫ. മിയാവാക്കിയെ കണ്ടിരുന്നു. അദ്ദേഹത്തിന്റെ നിർദേശങ്ങളാണ് പിന്തുടരുന്നത്.

സംസ്ഥാനത്ത് വിവിധനഗരങ്ങളിൽ കോർപ്പറേഷനുകളും നഗരസഭകളുമായി കൈകോർത്തും സ്വകാര്യഭൂമിയിലുമായാണ് ഇത്രയും വനവത്കരണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ലാണ് മിയാവാക്കി കാടുകൾ പടർന്നുപന്തലിച്ചുതുടങ്ങിയത്. പൊന്നാനിയിൽ ഉടൻ പദ്ധതി തുടങ്ങുന്നുണ്ട്. കോഴിക്കോട്ട് ഒരെണ്ണം ആരംഭിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ അനുവാദത്തോടെ പൊതുസ്ഥലത്ത് ആദ്യമായി കനകക്കുന്നിലാണ് തുടങ്ങിയത്. വനംവകുപ്പിനുവേണ്ടി തൃശ്ശൂർ മുടിക്കോട്ടും എറണാകുളത്ത് നെടുമ്പാശ്ശേരിയിലും തിരുവനന്തപുറത്ത് നെയ്യാറിലും ഈരീതി അവലം



▶ കൊല്ലം ആശ്രാമം മൈതാനത്ത് ഒരുവർഷം കൊണ്ട് വളർന്ന മിയാവാക്കി വനം

## മിയാവാക്കി

ജപ്പാനിലെ സസ്യശാസ്ത്രജ്ഞനായ പ്രൊഫ. മിയാവാക്കി വികസിപ്പിച്ചെടുത്ത നവ വനവത്കരണ മാതൃകയാണിത്. 1970-ലാണ് ഇതാദ്യം അവതരിപ്പിക്കുന്നത്. 1972-ൽ നിപ്പോൺ സ്റ്റീൽ കമ്പനിയിൽ ഇത് പ്രയോഗത്തിലെത്തി. ദ്രുതവളർച്ച കൈവരിക്കുന്ന വനങ്ങൾ നൂറ് ചതുരശ്രയടി സ്ഥലത്തുപോലും തയ്യാറാക്കാം. വിസ്തീർണത്തിന് ആനുപാതികമായി പ്രദേശത്തെ കാർബൺ വിസർജനം, പൊടി, ശബ്ദം എന്നിവയൊക്കെ കുറയ്ക്കാനാകും. ജപ്പാനിൽ മിയാവാക്കി 1400 കാടുകളാണ് ഉണ്ടാക്കിയത്. ജനവാസമേഖലകളിലടക്കം ആഗോളതലത്തിൽ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പിറന്നത് നാലായിരത്തിലധികം വനങ്ങൾ. ഇവിടെ നാലുകോടി മരങ്ങൾ മിയാവാക്കിയുടെ ഓർമകളുമായി പച്ചപിടിച്ചുനിൽക്കുന്നുണ്ടെന്ന് ഈ കാടുകൾ കണ്ട ഹരി പറഞ്ഞു.

## കേരളത്തിൽ പിന്തുടരുന്ന രീതി

▶ ഒരുമീറ്റർ ആഴത്തിൽ കുഴിയെടുത്ത് ഫലഭൂയിഷ്ഠമായ മേൽമണ്ണ് മാറ്റിവെക്കും. കുഴിയിൽ മേൽമണ്ണിനൊപ്പം ആട്ടിൻകാഷ്ഠം, ഉമി, ചകിരിച്ചോറ് എന്നിവ കലർത്തിയ മിശ്രിതം നിറച്ച് അതിലാണ് തൈകൾ നടുന്നത്. ഒരു ചതുരശ്രമീറ്ററിന് 40 കിലോ ചകിരിച്ചോറും 40 കിലോ ചാണകവും എന്ന രീതിയിലും ഇടാം. പൊക്കത്തിൽ വളരുന്നവ, അത്ര പൊക്കത്തിലല്ലാത്തവ, കുറ്റിച്ചെടി എന്നിങ്ങനെ മൂന്നുതലത്തിൽ വളരുന്ന തൈകളാണ് നടുന്നത്. മൈക്രോഡ്രിപ് ഇറിഗേഷൻ വഴിയാണ് നനയ്ക്കുന്നത്. മഴപോലെ മുകളിൽക്കൂടി പൈപ്പ്വഴി നനയ്ക്കുന്ന രീതിയുമുണ്ട്. ഒരുസെന്ററിൽ 160 ചെടികൾ കാണും. 50 വർഷം കഴിയുമ്പോൾ ഇതിൽ 40 ശതമാനമേ അതിജീവിക്കൂ. പക്ഷേ അപ്പോഴേക്കും ഇതൊരു സ്വാഭാവികവന പ്രതീതിയിലാകും.

വനവത്കരണത്തിന്റെ ചെലവ് പൊതുസ്ഥലത്താണെങ്കിൽ സെന്ററിന് 1.60 ലക്ഷം രൂപ ചെലവുവരും. വീടുകളിൽ സ്വന്തമായി സമയമെടുത്ത് ചെയ്താൽ 70,000 രൂപകൊണ്ട് തീർക്കാൻ പറ്റും.

